# തുടി

കണ്ണൂർ സർവ്വകലാശാല
മലയാള വിഭാഗം

2020 ജൂലൈ - സെപ്തംബർ വാല്യം 8 ലക്കം 3



# തുടി

റിസർച്ച് ജേണൽ

ISSN 2320-8880

31

2020 ജൂലൈ - സെപ്തംബർ

വാല്യം 8 ലക്കം 3

മലയാളവിഭാഗം, കണ്ണൂർ സർവ്വകലാശാല,
ഡോ.പി.കെ.രാജൻ മെമ്മോറിയൽ കാമ്പസ്, നീലേശ്വരം
കാസറഗോഡ് ജില്ല, കേരളം - 671 314
ഇ.മെയിൽ thudipkrmc@gmail.com

തുടി

റിസർച്ച് ജേർണൽ

2020 ജൂലൈ - സെപ്തംബർ, വാല്യം-8, ലക്കം-3

ഉള്ളടക്കം

1 **സർ വില്യം ജോൺസും (1746–1794) ഭാഷാശാസ്ത്രചരിത്രവും** 8
ഡോ. എം. ശ്രീനാഥൻ

2 **ആദ്യകാല മലയാള സിനിമാമേഖലയിലെ പ്രതിരോധ പ്രവർത്തനങ്ങൾ** 24
ഡോ.ഡി.വി.അനിൽകുമാർ

3 **ചിന്താവിഷ്ടയായ സീത - പുനരവലോകനം** 43
ഡോ.ടി.എച്ച്. ജിത

4 **ഹിമവാന്റെ മുകൾത്തട്ടിൽ യാത്ര, അനുഭവം, ആഖ്യാനം** 64
ഡോ.ആശാമോൾ എസ്.

5 **നിരൂപണത്തിലെ ജനകീയതയുടെ വ്യാകരണം; ആർ.വിശ്വനാഥന്റെ ലേഖനങ്ങളിൽ** 85
ഡോ. ആർ. ചന്ദ്രബോസ്

6 **കലാസാംസ്കാരിക ദർശനം : യക്ഷഗാന ബയലാട്ടയിൽ** 106
ഡോ. ദേവി കെ.

7 **അനാർക്കലി - സംസ്കൃതരംഗഭാഷ്യം** 119
ഡോ. ജയലക്ഷ്മി താഴേവീട്ടിൽ

8 **സ്ത്രീ ധർമ്മം മനുസ്മൃതിയിൽ** 138
ഡോ. ഗീത എച്ച്.

9 **ബി.രാജീവൻ നിരൂപണത്തിലെ കലാദർശനങ്ങൾ** 150
ഡോ.പി.എസ്. രാജേഷ് കുമാർ

10 **ഉടലുണർച്ചകളും നൃത്തവും** 160
ഡോ. അനില ഒ.

11 **ആയഞ്ചേരി വല്യെശമാൻ അരങ്ങും ദേശവും** 177
ഡോ. സിന്ധു കിഴക്കാനിയിൽ

12 **ആധുനിക മലയാള ചെറുകഥയിലെ തമിഴക വിശ്വാസം** 202
ഡോ. ലിജാ അരവിന്ദ്

13 **പോട്ടത്തുരുത്തിന്റെ പ്രാദേശിക കാഴ്ചകൾ: 'പുറപ്പാടിന്റെ പുസ്തക'ത്തിൽ** 211
ഡോ. രമ്യ ബി.ആർ.

14 **മലയാള സിനിമയിലെ ലെസ്ബിയൻ പ്രണയാഖ്യാനങ്ങൾ** 230
അലീന കെ. നോബിൾ

15 **കവിതയും ദേശീയതാവ്യവഹാരങ്ങളും** 241
സിജി എം.വി.

# സ്ത്രീധർമ്മം മനുസ്മൃതിയിൽ

ഡോ. ഗീത എച്ച്.

പദ്യരൂപത്തിലെഴുതപ്പെട്ട ധർമ്മശാസ്ത്ര വിഷയങ്ങളാണ് സ്മൃതികൾ. ആ കാലത്തെ ധാർമ്മികവും, സാമാജികവുമായ രീതി, ആചാരങ്ങൾ എന്നിവയുടെ പ്രകാശനമാണ് ഇതിൽ കാണുന്നത്. കൂടാതെ വർണ്ണാശ്രമധർമ്മങ്ങളിൽ ചെയ്യേണ്ടതും അല്ലാത്തതും, രാജധർമ്മത്തെയും പരാമർശിക്കുന്നു. മനുസ്മൃതിയുടെ രചനാകാല ഘട്ടം ബി.സി 500നു ശേഷമാണ് എന്നാണ് ഗവേഷകമതം. മാക്സ്മുള്ള റുടെ അഭിപ്രായത്തിൽ പ്രാചീന ധർമ്മശാസ്ത്രഗ്രന്ഥത്തിന്റെ ആധുനീ കരിച്ച പതിപ്പാണ് മനുസ്മൃതി.[1] ഡോ. വ്യൂളറിന്റെ അഭിപ്രായത്തിൽ മനുസ്മൃതിയുടെ രചനാകാലം ക്രിസ്തുവിന് ശേഷം 200 –100നും ഇടയിൽ ആയി കണക്കാക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മഹാഭാരതത്തിലും മനുസ്മൃതിയിലും സമഗ്ര ശ്ലോകങ്ങൾ ഉണ്ടെന്ന് പറയപ്പെടുന്നു. സമൂഹത്തിന്റെയും കുടുംബത്തിന്റെയും നന്മക്ക് വേണ്ടി രചിക്കപ്പെട്ട നിയമാവലികളാണ് സ്മൃതികൾ. അൽബേറൂനിയു ടെ അഭിപ്രായത്തിൽ സ്മൃതികൾ വേദങ്ങളിൽ നിന്നും ഉദ്ഭവിച്ചതാണ്. ഇത് ബ്രഹ്മാവിന്റെ 20 പുത്രന്മാർ രചിച്ചതായി പറയുന്നു. അവർ.–
1. ആപസ്തംഭൻ 2. പരാശരൻ 3. ശാതാതപൻ 4. സാമവർത്തൻ 5. ദക്ഷൻ 6. വസിഷ്ഠൻ 7. അംഗിരസ് 8. യമൻ 9. വിഷ്ണു. 10 മനു. 11. യാജ്ഞ്യവൽക്കൻ 12. അത്രി. 13. ഹാരീതൻ 14. ലിഖിതൻ 15. ശംഖൻ 16. ഗൗതമൻ 17. ബൃഹസ്പതി 18. കാത്യായനൻ 19. വ്യാസൻ. 20. ഉശനസ്

മഹാഭാരതത്തിൽ മനു എന്നതിന് ചിലയിടങ്ങളിൽ മനു എന്നും സ്വായംഭുവമനു എന്നും പ്രാചേതസമനു എന്നൊക്കെയും പറയുന്നു.[7]. മനുസ്മൃതി 1ാം അദ്ധ്യായത്തിൽ ബ്രഹ്മാവിൽ നിന്ന് വിരാട്, വിരാടിൽ നിന്നും മനു, മനുവിൽ നിന്ന് ഭൃഗു, ഭൃഗുവിൽ നിന്ന് നാരദൻ എന്നൊക്കെയും, അതുപോലെ ബ്രഹ്മാവ് മനുവിന് ശാസ്ത്രങ്ങൾ പഠിപ്പിച്ചു എന്നൊക്കെയും വാദങ്ങൾ ഉണ്ട്. മനു 10 മഹർഷിമാർക്ക് വിദ്യ പ്രദാനം ചെയ്തതായും പറയപ്പെടുന്നു.

**പ്രധാനപ്പെട്ട സ്മൃതികൾ**

100ഓളം സ്മൃതിഗ്രന്ഥങ്ങൾ ഉണ്ടെന്നു കരുതപ്പെടുന്നു. ഇതിൽ യാഞ്ജവൽക്യ-നാരദ-പരാശര സ്മൃതികൾ പ്രസിദ്ധങ്ങളാ ണ്. എന്നിരുന്നാലും ഏറ്റവും പഴയതെന്ന് പറയാവുന്നത് രണ്ടെണ്ണമാ ണ്- മനുസ്മൃതിയും യാഞ്ജവൽത്യസ്മൃതിയും. മനുസ്മൃതി കഴിഞ്ഞാൽ ധർമ്മശാസ്ത്രക്ഷേത്രത്തിൽ പ്രധാനം യാഞ്ജവൽക്യ സ്മൃതിയാണ്. എന്നാൽ മനുസ്മൃതിയിലെ വൈദിക പദ്ധതികളും, ദാർശനികമായ വിചാരധാരകളും കാണാൻ കഴിയുകയുള്ളു.

**പ്രധാനപ്പെട്ട 18 സ്മൃതികൾ**

1. മനുസ്മൃതി. 2. അത്രിസ്മൃതി. 3. വിഷ്ണുസ്മൃതി. 4. ഹാരീതസ്മൃതി 5. യാജ്ഞ്യവല്ക്കസ്മൃതി. 6. ഉശനസ്മൃതി. 7. അംഗീര സ്മൃതി 8. യമസ്മൃതി 9. ആപസ്തംബസ്മൃതി 10. സംവർത്തനസ്മൃതി. 11. കാത്യായനസ്മൃതി 12. ബൃഹസ്പതിസ്മൃതി. 13. പരാശരസ്മൃതി. 14. വ്യാസസ്മൃതി. 15. ശംഖസ്മൃതി 16. ദേവസ്മൃതി. 17. ദക്ഷസ്മൃതി 18. ഗൗതമസ്മൃതി.

**സ്വരൂപം**

മനുസ്മൃതി വളരെ സരളമായ ശൈലിയിൽ എഴുതിയതാണ്. മനുസ്മൃതി വ്യാകരണത്തെ അനുസരിക്കുന്നു. ഇതിലെ വ്യാകരണം പാണിനീയ വ്യാകരണത്തെ അനുസരിക്കുന്നു.

ഗൗതമൻ, ആപസ്തംഭൻ, ബൗധായനന്റെ ധർമ്മസൂത്രങ്ങളിലും മനുസ്മൃതിയിലെ സിദ്ധാന്തങ്ങൾ കാണാവുന്നതാണ്. അതുപോലെ മനുസ്മൃതി, കൗടില്യന്റെ അർത്ഥശാസ്ത്രം എന്നിവയിൽ ഭാഷയിലായാലും സിദ്ധാന്തമായാലും സാമ്യത കാണുന്നു.[3].

അലബ്ധലാഭാർഥാ, ലബ്ധപരിരക്ഷിണീ, രക്ഷിതവിവർദ്ധിനീ, (അർത്ഥശാസ്ത്രം 1/4) അലബ്ധമിച്ഛേദ് ദണ്ഡേന, ലബ്ധം രക്ഷേദവേക്ഷയാ.

രക്ഷിതം വർദ്ധയേത് ബുദ്ധ്യാ വൃദ്ധം പാത്രേഷു നിക്ഷിപേത് (മനുസ്മൃതി 7/101)

**ഉള്ളടക്കം**

മനുസ്മൃതിയിൽ 12 അധ്യായങ്ങളിലായി 2694 ശ്ലോകങ്ങളാണുള്ളത്.

1. പ്രപഞ്ചസൃഷ്ടി
2. കർമ്മാദി സംസ്ക്കാരം, ബ്രഹ്മചര്യവിധി, ഗുരുശുശ്രൂഷ, ബ്രാഹ്മചര്യ നിയമങ്ങൾ
3. വിവിധതരം വിവാഹങ്ങൾ
4. ഗൃഹസ്ഥാശ്രമ ധർമ്മം
5. ക്ഷണക്രമം, സ്ത്രീധർമ്മം
6. വാനപ്രസ്ഥസന്യാസ ധർമ്മങ്ങൾ, പ്രാണായാമ മഹാത്മ്യം
7. രാജധർമ്മം, രാഷ്ട്രതന്ത്രം
8. സിവിൽ ക്രിമിനൽ നിയമം
9. സ്ത്രീ പുരുഷ ബന്ധം, കുടുംബജീവിതവശങ്ങൾ
10. ചാതുർവർണ്ണികമായ വ്യവസ്ഥ
11. പല വിഷയങ്ങൾ പ്രത്യേകിച്ച് കുറ്റങ്ങൾ, പ്രായശ്ചിത്തങ്ങൾ.

ആദ്യത്തെ 11 അധ്യായങ്ങളിൽ ലൗകിക കാര്യങ്ങൾക്കാണ് പ്രാധാന്യം കൽപ്പിക്കുന്നത്. എന്നാൽ 12ാം അദ്ധ്യായത്തിൽ ആത്മസാ

ക്ഷാത്ക്കാരത്തിനും മോക്ഷപ്രാപ്തിക്കുമുള്ള ഉപാധികളും മനു അനുശാസിക്കുന്നു. വേദങ്ങളിൽ നിന്നും ഗ്രഹിച്ച ആശയങ്ങൾക്കു പുറമെ ലൗകിക ജീവിതാനുഭവങ്ങളിൽ നിന്നും, സമുദായാചാരങ്ങളിൽ നിന്നും ഉൾക്കൊണ്ട പാഠങ്ങളും മനുസ്മൃതിയിലുടനീളം പ്രതിഫലിക്കുന്നു.

**മനുസ്മൃതിയുടെ വ്യാഖ്യാനങ്ങൾ**

മനുസ്മൃതിക്ക് പാശ്ചാത്യവും പൗരസ്ത്യവുമായ ഒരുപാട് വ്യാഖ്യാനങ്ങൾ ഉണ്ട്.-

**പൗരസ്ത്യമായ ടീകകൾ:**

1. ആസതായൻ (750) ലഭ്യമല്ല
2. ഭർതൃയജ്ഞൻ(800) ലഭ്യമല്ല
3. മേധാതിഥി (820) അനുഭാഷ്യം
4. ഗോവിന്ദ്രാജൻ (1050) മന്വാശയനസാരിണി
5. കുല്ലുകഭട്ടൻ (1150) മന്വാർത്ഥമുക്താവലി

രാധവാനന്ദൻ (1350) മന്വർത്ഥ ചന്ദ്രികാ

മണിരാമൻ (1630) മന്വർത്ഥബോധിനി

രാമചന്ദ്രൻ ചന്ദ്രികാ

സർവ്വജ്ഞനാരായൺ(1400) മന്വർത്ഥവിവൃതി

നന്ദൻ - നന്ദിനി

ഭാരുചി (800) മനുശാസ്ത്രവിവരിണീ

ഭാഗുരി, ഭർതൃയജ്ഞൻ, ദേവസ്വാമി, ആസഥായൻ, ക്രിസ്തുവിന് മുമ്പ് 200 - 100 നുള്ളിൽ ജീവിച്ചിരുന്നവരാണ്. ഇവരുടെ ഗ്രന്ഥങ്ങൾ അപൂർണ്ണവും ലഭ്യമല്ലാത്തവയുമാണ്. ഇങ്ങനെ ഒരുപാട് വ്യാഖ്യാനങ്ങൾ ഉണ്ടെങ്കിലും കാശ്മീരിൽ എ.ഡി 8ൽ ജീവിച്ചിരുന്ന ഭട്ടമേതിഥിയുടെ അനുഭാഷ്യവും, 15ാം നൂറ്റാണ്ടിൽ ബംഗാളിലെ ദിവാകരഭട്ട

ന്റെ പുത്രൻ കല്ലൂകഭട്ടന്റെ മന്വർത്ഥമുക്താവലിയുമാണ് മനുസ്മൃതിയുടെ അതിവിശിഷ്ട വ്യാഖ്യാനങ്ങൾ.

**പാശ്ചാത്യ വ്യാഖ്യാനങ്ങൾ:**

വൂളറിന്റെ ദ ലാജ് ഓഫ് മനു, ഹോപ്കിൻസിന്റെ ദ ഓർഡിനൻസ് ഓഫ് മനു എന്നിവയാണ് പ്രധാനപ്പെട്ട പാശ്ചാത്യവ്യാഖ്യാനങ്ങൾ. മാക്സ് മുള്ളർ, മാക്ഡോണൽ, മാഡം ബ്ലാവസ്കി എന്നിവർ വളരെ സമ്മാനപൂർവ്വം മനുസ്മൃതിയെ പ്രകീർത്തിക്കുന്നു. ദാർശനികമായ നീത്ശെ മനുസ്മൃതിയെ ബൈബിളിനേക്കാളും ഉത്കൃഷ്ടമായി കാണുന്നു.-

close the bible and open the god of manu [4]

**സ്ത്രീ ധർമ്മം**

സ്ത്രീ ധർമ്മം മനുസ്മൃതിയിലെ അഞ്ചാം അധ്യായത്തിൽ പ്രതിപാദിക്കുന്നു. ബാലയോ, യുവതിയോ, വൃദ്ധയോ ആയാലും സ്ത്രീ സ്വഗൃഹത്തിൽ പോലും ഒരു കാര്യവും പിതാവ്, ഭർത്താവ് മുതലായവരുടെ അനുമതി കൂടാതെ സ്വന്തം ഇഷ്ടപ്രകാരം ചെയ്യരുത്.-

ബാലയാ വാ യുവത്വാ വ്യാപി യോഷിനാ .

ന സ്വാതന്ത്ര്യേണ കർത്തവ്യം കിംചിത്കാര്യം ഗൃഹേഷ്വപി . 5/147.

പ്രസിദ്ധമായ സ്ത്രീ സ്വാതന്ത്ര്യപ്രതിപാദകമായ ശ്ലോകം ഇങ്ങനെയാണ്.-

പിതാ രക്ഷതി കൗമാരേ ഭർത്താ രക്ഷതി യൗവനേ

രക്ഷന്തിസ്ഥവിരേ സ്വവി പുത്രാ ന സ്ത്രീ സ്വാതന്ത്ര്യമർഹതി . 9/3

ഈ ശ്ലോകം പറയുന്നതിനു മുമ്പ് 5ാം അധ്യായത്തിലും സ്വാതന്ത്ര്യം ഇങ്ങനെ പറയുന്നു.-

ബാല്യേ പിതൃവശേ തിഷ്ഠേത് പാണിഗ്രഹണസ്യ യൗവനേ

പുത്രാണാം ഭർത്തരി പ്രേതേ ന ജേത് സ്ത്രീ സ്വതന്ത്രതാം 5/148

അങ്ങനെ സ്ത്രീ ഭർത്താവിൽ നിന്നും, പിതാവിൽ നിന്നും പുത്രനിൽ നിന്നും വേർപ്പെട്ടാൽ രണ്ടു കുലത്തേയും നിന്ദ്യമാക്കും. സ്ത്രീ ഏതവസ്ഥയിലും സന്തുഷ്ടയും, ഗൃഹഭരണത്തിൽ സമർത്ഥയും, പാത്രങ്ങളും ഉപകരണങ്ങളും വൃത്തിയാക്കി, വരവിനനുസരിച്ച് ചെലവുകൾ നിയന്ത്രിക്കണം.[5]വിവാഹം കഴിച്ച പുരുഷനെ മരണം വരെ ശുശ്രൂഷിക്കണം. മരിച്ചാലും അവർ മറ്റു ചിന്തകളില്ലാതെ തർപ്പണാദികൾ ചെയ്ത് ജീവിക്കണം. ഭർത്താവ് ഇഹലോകത്തും, പരലോകത്തും സുഖദാതാവാണ്.-

സുഖസ്യ നിത്യം ദാതേഹ പരലോക ച യോഷിത: 5/153

ഭർത്താവ് എങ്ങനെയായാലും സദാചാരഹീനനോ, പരസ്ത്രീകളിലാസക്തനോ, വിദ്യാദിഗുണശൂന്യനോ ആയാലും പതിവ്രതയായ ഭാര്യ അവനെ ദേവനെപ്പോലെ ആരാധിക്കണം[6]. ഭർത്താവിന്റെ അനുമതി ഇല്ലാതെ വ്രതോപാസനാദികൾ പോലും പാടില്ല. (പതിശുശ്രൂഷ കൊണ്ടു തന്നെ ഭർതൃലോകത്ത് പൂജിതയായി തീരും) പതിയുടെ അനുമതി കൂടാതെ വ്രതാദികൾ അനുഷ്ഠിച്ചാൽ പതിയുടെ ആയുസ്സ് ക്ഷയിക്കുകയും, സ്വയം നരകത്തിൽ പതിക്കുകയും ചെയ്യും.(5/155). മരണാനന്തരം, പുഷ്പഫലങ്ങൾ ഭക്ഷിച്ച് ശരീരം ക്ഷീണിപ്പിക്കണം. വ്യഭിചാരചിന്തയാൽ പേരുപോലും പറയരുത്.[7] അവൾ അങ്ങനെ ബ്രഹ്മചാരിണിയായി മരണം വരെ കഴിയണം. പതിവ്രതയായ സ്ത്രീ ഭർത്താവ് മരിച്ചു കഴിഞ്ഞ് പുരുഷാന്തര സംസർഗമില്ലാതെ ബ്രഹ്മചര്യത്തിൽ മനസ്സുറച്ച് നിന്ന് പുത്രനില്ലെങ്കിലും ബ്രഹ്മചാരികളെ പോലെ സ്വർഗം പ്രാപിക്കാവുന്നതാണ്.-

സ്വർഗം പ്രാപിക്കാവുന്നതാണ്.-

മൃതേ ഭർത്തരി യാതു സ്ത്രീ ബ്രഹ്മചര്യേ വ്യവസ്ഥിതാ

സ്വർഗം ഗച്ഛത്യപുത്രാപി യഥാ തേ ബ്രഹ്മചാരിണ: 5/160

പതിവ്രതയായ സ്ത്രീക്ക് രണ്ടാമതൊരു ഭർത്താവ് ഒരു ശാസ്ത്ര ത്തിലും വിധിച്ചിട്ടില്ല. ഇങ്ങനെ സ്ത്രീ സംരക്ഷണീയയാണ് എന്നു പറയുമ്പോൾ ഭർതൃമരണാനന്തരം ബ്രഹ്മചാരിണിയായി ജീവിക്കേണ്ടി വരുന്ന സ്ത്രീയുടെ സംരക്ഷണം ആര് ഏറ്റെടുക്കും? ഇവിടെയൊക്കെ ഭർത്താവിന്റെ മരണശേഷവും ജീവിക്കാനുള്ള സ്വാതന്ത്ര്യമില്ലായ്മയാണ് സൂചിപ്പിക്കുന്നത് എന്നുപോലും സംശയിക്കണം.

**പുനർവിവാഹം**

പുരുഷൻ എന്നത് സ്ത്രീയുടെ protector maintainer of woman because god has given one more strength than the other എന്നത് എല്ലാവരാലും സമ്മതിച്ച കാര്യം തന്നെയാണ്. എന്നിരുന്നാലും സംരക്ഷണം എന്നത് വാക്കിൽ മാത്രം ഒതുങ്ങുന്ന ഒന്നാണോ മനുസ്മൃതിയിൽ സ്ത്രീക്ക് പുനർവിവാഹം പറയുന്നില്ല. പിന്നീടുള്ള അവളുടെ സംരക്ഷണം വാക്കിൽ മാത്രം ഒതുങ്ങുന്നു. മനുസ്മൃതി കന്യകക്ക് മാത്രമേ പുനർവിവാഹം അനുവദിക്കുന്നുള്ളു. കന്യാശുല്കം നൽകിയ വരൻ വിവാഹത്തിനു മുമ്പ് മരിച്ചാൽ, കന്യക സമ്മതിക്കുന്ന പക്ഷം ഭർത്താവിന്റെ അനുജന് വിവാഹം ചെയ്തുകൊടുക്കാം.-

കന്യാനാം ദത്തശുല്കായാം മ്രിയതേ ഹേയദി ശുല്കദ:
ദേവരായ പ്രദാതവ്യാ യദി കന്യാനുമന്യഹേ

**പുരുഷന് ഉപേക്ഷിക്കാനുള്ള സന്ദർഭങ്ങൾ**

1. രോഗിണിയായ ഭാര്യയെ, വൈധവ്യം, അംഗവൈകല്യം എന്നിവ മറച്ചുവെച്ച് വിവാഹം ചെയ്താൽ അവളെ ഉപേക്ഷിക്കാം.
2. ഭാര്യയുടെ ദുർനടപ്പ്, മദ്യം, ദുരാചാരം എന്നിവ ഉള്ളപ്പോൾ തന്നെ ഭർത്താവിന് വേറെ വിവാഹം കഴിക്കാം.
3. ഭാര്യ വന്ധ്യയാണെങ്കിൽ 8 വർഷം കഴിഞ്ഞ്, ശിശുക്കൾ മരിച്ചാൽ 10 വർഷം, പെണ്ണിനെ മാത്രം പ്രസവിച്ചാൽ 11 വർഷം, കലഹശീലയെങ്കിൽ ഉടനെയും ഉപേക്ഷിക്കാം.

4. പക്ഷെ രോഗിണിയും, പതിഹിതകാരിണിയും, ശീലാവതിയുമായ ഭാര്യയെ സമ്മതിപ്പിച്ചിട്ടേ ഭർത്താവിന് പുനർവിവാഹം പാടു. കാരണം അവളെ അപമാനിക്കരുത്.
5. ഭാര്യ മരിച്ചാൽ അന്ത്യകർമ്മങ്ങൾ ചെയ്ത് പുനർവിവാഹം പറയുന്നു.9
6. ചൂതുകളി, മറ്റ് രോഗാവസ്ഥയുള്ള ഭർത്താവിനെ ശുശ്രൂഷിക്കാതെ പോകുന്ന ഭാര്യയെ 3 മാസത്തേക്ക് ഉപേക്ഷിക്കണം.

**പത്നിയുടെ ധർമ്മങ്ങൾ**

1. ധർമ്മകാര്യത്തിനുവേണ്ടി ഭർത്താവ് ദൂരദേശത്ത് വസിക്കുന്നതെങ്കിൽ 8 വർഷം, വിദ്യയോ യശസ്സോ ആർജ്ജിക്കാൻ പോയതെങ്കിൽ 6 വർഷവും, മറ്റു ഭാര്യമാരുടെ അടുത്തേക്കാണ് പോകുന്നതെങ്കിൽ 3 വർഷവും കാത്തിരിക്കണം.
2. സ്ത്രീക്ക് മറ്റൊരു ഭർത്താവ് ഒരു ശാസ്ത്രത്തിലും പറയുന്നില്ല.10 പതിവ്രതയായ പത്നിക്ക് പരലോകത്തിൽ പതിയോയൊപ്പം സുഖത്തോടെ ജീവിക്കാം.

**ഉപസംഹാരം**

മനുവിന്റെ അഭിപ്രായത്തിൽ ശയ്യ, ആഭാസനം, ആഭരണം, കാമം, ക്രോധം, വക്രത, ദ്രോഹ ാവം, ദുരാചാരം എന്നിവയിലുള്ള താത്പര്യം സ്ത്രീകളുടെ പ്രത്യേകതയായി പറയുന്നു.11

പാനം ദുർജ്ജനസംസർഗം പത്യാ വിരഹോടനം
സ്വപ്നോ ന്യ ഗേഹവാസശ്ച നാരീ സന്ദൂഷണാനി ഷട്- 9/13

ഇവയൊക്കെയാണ് സ്ത്രീകളെ ദുഷിപ്പിക്കുന്നത്.

## തുടി 146

മനുവിന്റെ സ്ത്രീവിരോധചിന്തകൾ പലപ്പോഴും ചർച്ച ചെയ്യേണ്ടതു തന്നെയാണ് എന്നിരുന്നാലും മറ്റ് മതവിഭാഗങ്ങളിൽ സ്ത്രീ സംരക്ഷിക്കപ്പെടുന്നു എന്നതും ശ്രദ്ധേയമാണ്. അവരിൽ ഭർത്താവ് ഉപേക്ഷിച്ചാൽ, അല്ലെങ്കിൽ മരിച്ചാൽ അവർക്ക് നിർബന്ധമായും പുനർവിവാഹം ചെയ്യണം. ഭർത്താവിന്റെ മരണശേഷം 4 മാസത്തിനു ശേഷമോ, വിവാഹമോചനത്തിന് ശേഷം 3 മാസത്തിനു ശേഷമോ പുനർവിവാഹം നിർബന്ധമായും ചെയ്യണം[12]. സ്ത്രീ സംരക്ഷിക്കപ്പെടണം എന്നു പറയുമ്പോഴും അവളുടെ വിചാരവികാരങ്ങൾക്ക് ഒരു മൂല്യവും കല്പിക്കാതെ മറ്റുള്ളവരെ സംരക്ഷിക്കാനുള്ള ഒരു ഉപകരണമാക്കി വെച്ചിരുന്ന ആ പഴയ കാലഘട്ടം വളരെ ദയാപൂർണ്ണമാണ്.12. അന്നത്തെ സമൂഹത്തിൽ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എത്താത്ത സ്ത്രീകൾ ഒരു മൂലയിൽ മാനസിക വിഭ്രാന്തികൾ അനുഭവിച്ച് കാലം കഴിച്ച് കൂട്ടിയവരാകും. എന്നിരുന്നാലും സനാതന ദാമ്പത്യത്തെ പ്രതിപാദിക്കുന്ന 9ാം അധ്യായത്തിലെ ഈ ശ്ലോകവും ശ്രദ്ധേയമാണ്.-

അന്യോനസ്യാ വ്യഭിചാരേ ഭേദാമരണാന്തക:
ഏഷധർമ്മ: സമാസേന ജ്ഞേയ: സ്ത്രീ പുംസയോ: പര:[13]

മരണപര്യന്തം വിശ്വസ്തതയോടെ ജീവിക്കണം അതാണ് സനാതനമായ ദാമ്പത്യം. യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാ എന്ന ഭാഗത്തും ന സ്ത്രീ സ്വാതന്ത്ര്യമർഹതി എന്നിടത്തൊക്കെ സ്ത്രീ വാസ്തവത്തിൽ സംരക്ഷിക്കപ്പെടുന്നുണ്ടോ? സ്ത്രീ ധർമ്മം വായിച്ചാൽ സ്ത്രീ, ധർമ്മം മാത്രം അനുസരിക്കാനുള്ളതാണ് എന്നു മാത്രം സംശയിക്കേണ്ടി വരുന്നു. വ്യാധി തുടങ്ങിയ കാരണങ്ങൾ അനുഭവിക്കുന്ന അവളെ മാനസികമായി പ്രയാസമനുഭവിക്കുന്ന അവസ്ഥയിൽ പോലും സംരക്ഷിക്കാതെ, ആ സമയത്തു പോലും പുരുഷന് പുനർവിവാഹം നിർദ്ദേശിക്കുന്നുണ്ട്. അതേസമയം സ്ത്രീക്ക്

സംരക്ഷണം ആവശ്യമാവുന്ന സമയത്ത് തനിച്ചും ജീവിക്കേണ്ടി വരുന്നു. മറ്റുള്ളവർ അബല എന്നൊക്കെ മുദ്രകുത്തി ഒരു ഭാഗത്ത് മൂക്കിൽ ഇരുത്തിയിരിക്കുന്ന അവസ്ഥ തികച്ചും ജയിലിൽ ഏകാന്ത വാസമനുഭവിക്കുന്നതിന് തുല്യമായിരിക്കും. ഇന്ന് ഇത് ഏറെക്കുറെ മാറ്റമുണ്ടെങ്കിലും സ്ത്രീകളോടുള്ള മനോഭാവത്തിൽ മാറ്റം വന്നിട്ടുണ്ടോ എന്നു പോലും സംശയിക്കുന്നു.

മറ്റു മുസ്ലിം സമുദായങ്ങളിൽ സ്ത്രീ സംരക്ഷിക്കപ്പെടുന്നുണ്ട്. സ്ത്രീ സംരക്ഷിക്കപ്പെടണമെങ്കിൽ ഖുറാൻ പോലും ഒന്നിലധികം വിവാഹം തെറ്റായി പറയുന്നില്ല. പക്ഷെ അവൻ യഥാർത്ഥ നീതി അവരോട് പുലർത്തണമെന്നും മറിച്ചാണെങ്കിൽ വിവാഹമോചനവും അനുശാസിക്കുന്നു. ആ രീതിയിൽ ചിന്തിച്ചാൽ മറ്റ് ന്യൂനതകൾ ഉണ്ടെങ്കിലും സ്ത്രീ സംരക്ഷിക്കപ്പെടുന്നു.

വൈദിക കാലഘട്ടത്തിൽ സ്ത്രീയെ ശക്തിയുടെയും സമാധാനത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായി ചിത്രീകരിച്ചിരുന്നു. അവർക്ക് സമൂഹത്തിൽ സ്ഥാനവും നൽകിയിരുന്നു. പിന്നീടുള്ള ആധുനിക ഋഗ്വേദ കാലഘട്ടത്തിലും സ്ത്രീകൾക്ക് സമത്വം നൽകിയിരുന്നു. വിവാഹമോചനമെന്നത് അംഗീകരിച്ചിരുന്നില്ല. ബഹുഭാര്യത്വം എന്നത് രാജാക്കന്മാർക്ക് മാത്രമെ അനുവദിച്ചിരുന്നുള്ളു. ഇതിഹാസ കാലഘട്ടത്തിൽ പാഞ്ചാലിയുടെ അപമാനം, സീതാപരിത്യാഗം എന്നതൊക്കെ ഒരു സ്ത്രീ സംരക്ഷണം ഉണ്ടായിരുന്നതായി പറയാൻ പറ്റില്ല.

## കുറിപ്പുകൾ

1. മനുസ്മൃതി ഹിന്ദി തർജ്ജമ- ആമുഖം പേജ് XI
2. Ibid
3. Ibid

4. Ibid

5. മനുസ്മൃതി, മലയാളം തർജ്ജമ, അദ്ധ്യായം 5 ശ്ലോകം.150

6. വിശീല: കാമവൃത്തോ വാ ഗുണൈർവാ പരിവർജ്ജിത:
ഉപചര്യ: സ്ത്രീയാ സാധ്യാ സതതം ദേവവത് പതിഹി 5/154

7. കാമം തു ക്ഷപയേദ്ദേഹം പുഷ്പമൂലഫലൈ: ipss‘:
ന തു നാമപി ഗൃഹണീയാത് പതൗ പ്രേതേ പരസ്യ തു 5/157

8. Ibid അദ്ധ്യായം 9 ശ്ലോകം 97

9. Ibid അധ്യായം -5 ശ്ലോകം 168

10. ന ദ്വിതീയസ്യ സ്വാധീനാം ക്വചിദ് ഭർത്തോപദിശ്യതേ...5/162

11. Ibid അധ്യായം 9 ശ്ലോകം 17.

12. ഖുറാൻ - നിങ്ങൾ സ്ത്രീകളോട് ഏറ്റവും നല്ല നിലയിൽ പെരുമാറുക (4:18)
നിങ്ങൾ താമസിക്കുന്നിടത്ത് അവളെ താമസിപ്പിക്കുക (65:6)
ഹദീസ് പ്രവാചക മതപ്രകാരം - നീ കഴിക്കുന്ന അതേ ഭക്ഷണം നൽകുക.

13. മനുസ്മൃതി. അധ്യായം 9 ശ്ലോകം 101

## ആധാര ഗ്രന്ഥങ്ങൾ


1. മനുസ്മൃതി, മലയാള തർജ്ജമ, മേൽകുളങ്ങര അജികുമാർ, യൂണിവേഴ്സൽ പ്രസ്സ് & പബ്ലിക്കേഷൻസ്, തിരുവനന്തപുരം
2. Womens rights in Islam by muhammed Shareef choudhary, Adam Publishers & Distributors, Delhi
3. മനുസ്മൃതി ഹിന്ദി തർജ്ജമ, ശിവശങ്കർ ഗുപ്ത, വിശ്വവിദ്യാലയ് പ്രകാശൻ, വാരാണസി

4. അമർഭാരതി, **ഡോ. പി.വി** രാമൻകുട്ടി, കാണിപ്പയ്യൂർ ഗ്രന്ഥശാല, കുന്ദംകുളം , **തൃശൂർ**

5. ഖുർആൻ, ലളിതസാരം, **ഷെയ്ക്ക് മുഹമ്മദ്** കാരക്കുന്ന് & വാണിദാസ് എളയാവൂർ, **ഇസ്ലാമിക്** പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്.

REJI T
2024.05.02 14:39:29
+05'30'